# കാരൂർ സോമൻ സാഹിത്യലേ



നോവലുകളും നാടകങ്ങളും കവിതാ സമാഹാരങ്ങളും യാത്രാ വിവരണവും ബാലസാഹിത്യ നോവലുകളും ശാസ്ത്രരചനയും കായിക വിവരണവുമായി 40 കൃതികളുടെ രചയിതാവായ കാരൂർസോമൻ മലയാള സാഹിത്യകാരന്മാരിൽ ഏറെ ശ്രദ്ധേയനാണ്. അനായാസ ആഖ്യാന പാടവവും സൗന്ദര്യനിരീക്ഷണവും ലളിതവും കോമളവുമായ ഭാഷാശൈലി കൊണ്ട് സാഹിത്യലോകം കീഴടക്കിയ കൃതഹസ്തനായ കാരൂർസോമൻ ഇപ്പോൾ ഒരു ഇംഗ്ലീഷ് നോവലിന്റെ പ്രകാശനത്തിലൂടെ ആംഗലേയഭാഷാരംഗത്തും അനിഷേധ്യമായ

ഇൽയാസ് പാരിപ്പള്ളി

സ്ഥാനം ഉറപ്പിക്കുകയാണ്.

ബാലരമയിൽ കവിതകൾ എഴുതിക്കൊണ്ടാണ് അക്ഷരലോകത്തേക്ക് അദ്ദേഹം കടന്നുവന്നത്. പിന്നീട് നാടക രംഗത്തേക്ക് തിരിഞ്ഞ അദ്ദേഹം സംവിധായകനായും നടനായും ഗാനരചയിതാവും സ്വദേശത്തും വിദേശത്തും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചു. കടലിനക്കരെ എംബസിസ്കൂൾ എന്ന നാടകം ഗൾഫിൽ നിന്നുള്ള ആദ്യ സംഗീത നാടകമായി. തുടർന്ന് നോവൽ രചന. 14 നോവലുകൾ. കാരൂൽ കൊച്ചുകുഞ്ഞ്, കണ്ണീർപൂക്കൾ, കാവൽമാലാഖ, കടലോളങ്ങൾ, കഥാനായകൻ എന്നിങ്ങനെ ‘ക’ യിൽ തുടങ്ങുന്ന നോവലുകളുടെ 40 കൃതികൾ ഇതുവരെ.

കാരിരുമ്പിന്റെ കരുത്തും കരിമ്പുനീരിന്റെ മാധുര്യവുമൊത്ത് ചേർന്ന, ഒറ്റയിരുപ്പിൽ വായിച്ചു തീർക്കാവുന്ന ആത്മകഥാപരമായ ജീവിതാഖ്യാനമാണ് കഥാനായകൻ.

കൗമാരം മുതൽ കല്യാണം കഴിയുന്നതുവരെ എല്ലാറ്റിനോടും എല്ലാരീതിയിലും പടവെട്ടി, വീടിനോടും നാടിനോടും അകളങ്കമായ ആത്മാർത്ഥതയോടെ പെരുമാറുന്ന ഇതിലെ ‘കഥാനായകൻ’. കയ്പ്നീരിനെ കരിമ്പുനീരുമാക്കുന്ന ധീരോദാത്തനും അതിപ്രതാപവാനും നീതിനിയമങ്ങളുടെ കാവൽപ്പ

# ‘അലിഫും’ സംവിധായകൻ എ

# ാകത്തെ ബഹുമുഖപ്രതിഭ



*മുൻ പ്രധാനമന്ത്രി നരസിംഹറാവുവിനൊപ്പം കാരൂർ സോമൻ അവാർഡ്ദാന ചടങ്ങിൽ*

ടയാളിയുമായ കാരൂർ കുടുംബാംഗമാണ്, കാരൂർ കൊച്ചുകുഞ്ഞിന്റെ പിൻതലമുറക്കാരനാണ്.

കാർഷികവൃത്തിയുടെ വൃത്തിയും വൃത്തിയില്ലായ്മയും കന്നുകാലികളോടുള്ള ആഭിമുഖ്യവും മാടനപൊയ്കയുടേയും മാടന്റേയും സന്തതസഹചാരിയായ സോമന്റെ ക്രമാനുഗതമായ ജീവിത വ്യാപാരങ്ങളും അതിലെ ലാഭനഷ്ടങ്ങളും മനസിൽ നിന്നും മായാത്ത രൂപത്തിൽ എണ്ണിയെണ്ണിപ്പറഞ്ഞു പോകുന്ന ഈ നോവൽ, ആ കഥാപാത്രത്തിന്, കഥാനായകന് അമിത പ്രാധാന്യം നൽകിയിരിക്കുന്നത് ഒരിക്കലും അസ്ഥാനത്തിലാക്കുന്നില്ല. അരുതായ്മകൾക്കെതിരെ നാടകത്തിലൂടെയും അല്ലാതെയും പ്രതികരിക്കുന്ന കഥാനായകനും

*(ശേഷം പേജ് 2ൽ)*

# ൻ.കെ. മുഹമ്മദ്കോയയും

ിയും



വ്യക്തിത്വമുള്ള അധ്യാപകന്റെ കൈയിൽ വരണം.

ഇന്നത്തെ അധ്യാപക വിദ്യാർത്ഥി ബന്ധം എങ്ങനെയിരിക്കുന്നു? വളരെ അകന്നു പോയിട്ടുണ്ടെന്ന് ഏവരും സമ്മതിക്കും. ഒരു മണിക്കൂർ നീണ്ടുനിൽക്കുന്ന ബോറൻ പ്രസംഗം സഹിച്ചിരിക്കുന്ന വിദ്യാർത്ഥികളെ വേണമെന്നല്ല പറയുന്നത്. "ഒരു മണിക്കൂർ നേരം ഒരു ചുമർ തകർക്കാൻ പറഞ്ഞാൽ ഞാൻ അതു ചെയ്യും. ഒരു മണിക്കൂർ ക്ലാസ്സിലിരുന്ന് ലക്ച ഫ്രാൻസിസ് ബേക്കൺ പറഞ്ഞു "വിജ്ഞാനം നന്മയാകുന്നു" എന്നു സോക്രട്ടീസ്.

ഈ നന്മയും ശക്തിയും ഒരേ സമയത്തു തന്നെ ക്രിയാത്മകവും സംഹാരാത്മകവുമാണ്. ഉപയോഗിക്കുന്ന രീതിയനുസരിച്ചാണ് ഈ മാറ്റം സംഭവിക്കുന്നത്. ശാസ്ത്രീയ വിജ്ഞാനം തന്നെ പ്രത്യക്ഷ നിദർശനം. ആറ്റത്തിൽ നിന്ന് ശാസ്ത്രകാരന്റെ ഭാവന ഉരുത്തിരിഞ്ഞ് കണ്ടെത്തിയ വിജ്ഞാനം നാശ

# കാരൂർ സോമൻ സാഹിത്യലോകത്തെ ബഹുമുഖപ്രതിഭ

*(ഒന്നാം പേജിൽ നിന്നും)*

അതിന്റെ ആസ്ഥാനമായ ലെപ്രസി സാനട്ടോറിയവും ജീവിച്ചിരിക്കുന്ന കഥാപാത്രങ്ങളെപ്പോലെയാണ്.

മാടനപ്പൊയ്കയുടെ പ്രതാപ പ്രഭാവത്തിൽ ത്തുടങ്ങി അസ്തമയത്തിൽ അവസാനിക്കുന്ന ഈ നോവലിന്റെ ഏറ്റവും വലിയ സവിശേഷത, തിന്മകൾക്കെതിരെ സന്ധിയില്ലാസമരം നടത്താനുള്ള ആഹ്വാനമാണ്. അത് പക്ഷേ, ചിത്രീകരിച്ചപ്പോൾ കഥാനായക കഥാപാത്രത്തിന് നഷ്ടപ്പെടുത്തേണ്ടിവന്നത് സ്വന്തം സർഗ്ഗജീവിതാനന്ദമാണ്. ഒഴുക്കിനെതിരെ നീന്താൻ ഉള്ളുറപ്പുള്ള സോമൻ വ്യക്തിത്വമുള്ള കഥാപാത്രമാണ്.

> കാരൂർ സോമന്റെ ഇംഗ്ലീഷ് നോവലായ മലബാർ എ ഫ്ലെയിം, സെന്റർ ഫോർ കൾച്ചറൽ സ്റ്റഡീസ്, യൂണിവേഴ്സിറ്റി ഓഫ് കേരള, തിരുവനന്തപുരത്ത് ജൂൺ 5ന് സെമിനാർ നടത്തുകയുണ്ടായി. ഇംഗ്ലീഷ് നോവലിസ്റ്റും തകഴിയുടെ കൊച്ചുമകളുമായ ശ്രീമതി ജയശ്രീ മിശ്ര, മുൻ മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി ചാൻസിലറായ ജാൻസി ജെയിംസ്, എഴുത്തുകാരനും ഐ. എ. എസ്. ഉദ്യോഗസ്ഥനുമായ ബാലഗോപാൽ, അസോസിയേറ്റ് പ്രൊഫസറായ സുജ കുറുപ്പ്, തുടങ്ങിയവർ സെമിനാറിൽ സംസാരിച്ചു. ഈ നോവലിന്റെ ചർച്ചയും സെമിനാറും ന്യൂഡൽഹി, ലണ്ടൻ, ന്യൂയോർക്ക് തുടങ്ങിയ സിറ്റികളിലും ചർച്ചകൾക്ക് വേദി ഒരുക്കുന്നു.

ജ്യേഷ്ഠനെ സഹായിക്കാൻ ഹോട്ടലിൽ ജോലിചെയ്യുമ്പോൾ മിശ്രയെന്ന ഗുണ്ടയെ തികച്ചും നിർഭയനായി നേരിട്ട് സിനിമയിലെ നായകനെപ്പോലെ വിരാജിക്കാൻ കഴിയുന്നത് കൈയടി നേടാൻ മാത്രമല്ല, ഇത്തരം കീടങ്ങളെ കൈകാര്യം ചെയ്യുന്നതിന്റെ പ്രാധാന്യം ജനസാമാന്യത്തിന് മനസ്സിലാക്കാൻ വേണ്ടി കൂടിയാണ്.

ഇതിനിടയിൽ ഇഷ്ടപ്പെട്ട പെൺകുട്ടിയെ ജീവിതസഖിയാക്കാനും, അതിന് വേണ്ടി വരുന്ന പ്രതിബന്ധങ്ങളെ തരണം ചെയ്യാനും സാധാരണ ചെറുപ്പക്കാരനെപ്പോലെ നായകന് കഴിയുന്നുണ്ട്.

പൊയ്പ്പോയ കാലത്തിന്റെ കയ്പ്പും ഇനിപ്പും കർഷക കുടുംബങ്ങളുടെ അരക്ഷിതാവസ്ഥയും, അതിന്റെ സമ്മർദ്ദത്തിൽ കുടുംബം പോറ്റാൻ ഗൃഹനാഥൻ ഇളയ കുട്ടികളോടെങ്കിലും അൽപം ക്രൂരമായി പെരുമാറുന്നതിന്റേയും ആ ത്മാർത്ഥമായ ചിത്രീകരണം ഈ നോവലിലും പ്രകടമായി കാണാൻ കഴിയുന്നുണ്ട്. വ്യക്തിത്വമുള്ള കഥാപാത്രങ്ങൾ, സംഘട്ടനരംഗങ്ങൾക്കെല്ലാം സ്വാഭാവികതയുടെ പരിവേഷം, അനിവാര്യതയുടെ സാന്നിദ്ധ്യം, കഥാനായക കഥാപാത്രത്തിന് ക്രമാനുഗതമായ വളർച്ച, മാനസികമായും ശാരീരികമായും നന്ദിയും നന്ദികേടും നാണവും നാണക്കേടും, വിദ്യാഭ്യാസത്തിന്റെ ഉള്ളായ്മയും ഇല്ലായ്മയും പഠനവഴിയിൽ വിജയങ്ങൾ കൊയ്യുന്നതിന് മുന്നോടിയായി പാടം കൊയ്യുന്നതിലെ ഗുണപാഠം. ഇങ്ങനെ എന്തെല്ലാമെന്തെല്ലാം കേവലം 148 പേജുകളിൽ കൃതഹസ്തനായ കാരൂർ സോമൻ ഒരുക്കിയിരിക്കുന്നു.

*കഥനായകനുൾപ്പെടെയുള്ള നോവലുകളെല്ലാം ഒന്നിലധികം പുരസ്കാരങ്ങൾ നേടിയിട്ടുള്ളവയാണ്.*

*കണ്ണീർപ്പൂക്കൾ എന്ന കൃതിക്ക് വിദേശ മലയാളി സാഹിത്യ പുരസ്കാരം. കദനമഴനനഞ്ഞപ്പോൾ എന്ന നോവലിന് പാറപ്പുറം പ്രവാസി സാഹിത്യ അവാർഡ്. 'കനലിന്' ആഗോള മലയാളി കൗൺസിൽ പുരസ്കാരം, 'കിനാവുകളുടെ തീരത്തിന്' ലിപി ഫൗണ്ടേഷൻ സാഹിത്യ പുരസ്കാരം, കറുത്ത പക്ഷികൾ എന്ന കവിതാ സമാഹാരത്തിന് ലൻ മലയാളി സാഹിത്യ പുരസ്കാരം 2010 ൽ പ്രവാസി സാഹിത്യത്തിനുള്ള കള്ളിക്കാട് രാമചന്ദ്രൻ പുരസ്കരം ലഭിച്ചു.*

*വേൾഡ് മലയാളി കൗൺസിൽ ഈസ്റ്റ് ആഫ്രിക്കയുടെ കലാസാംസ്കാരിക വിഭാഗം ചെയർമാനായി പ്രവർത്തിച്ചിട്ടുള്ള കാരൂരിന്റെ ഏറ്റവും പുതിയ സംഭാവനയാണ് ഇപ്പോൾ പ്രകാശനം ചെയ്യപ്പെടുന്ന ഇംഗ്ലീഷ് കൃതിയായ മലബാർ എ ഫ്ളെയിം.*

*40 ശ്രദ്ധേയ കൃതികളുടെ രചനയും വിദേശരാജ്യ സന്ദർശനത്തിന്റെ അനുഭവ സമ്പത്തും സ്വന്തമായിട്ടുള്ള കാരൂർ സോമൻ ലനിൽ സ്ഥിരമായി കുടുംബസമേതം താമസിക്കുന്ന പ്രവാസി പ്രമുഖനാണ്. ഭാര്യ ഓമന തീയാട്ടു കുന്നേൽ. മക്കൾ: രാജീവ, സിജി, സിബിൻ.*

*വിലാസം:*
KAROOR SOMAN,
113 OK field Road, London,
E6- ILN- England;
Phone: 0044-208-470-1533,
E-mail: karoorsoman@yahoo.can,
Web: www.karoorsoman.com